## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310** **27-07-2021 - ൽ മറുപടിയ്ക്ക്**

## രാജ്യ റാണി എക്സ്പ്രസ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂരിൽ നിന്ന് ആരംഭിക്കുന്ന രാജ്യ റാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ നിന്നും നീട്ടുന്നത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേക്ക് തന്നെ നീട്ടണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തു നിന്ന് അനുഭാവപൂർണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു. |
| (ബി) | ഇല്ലെങ്കിൽ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേക്ക് തന്നെ നീട്ടണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ |

| | | | |
|---|---|---|---|
| | | | വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തു നിന്ന് അനുഭാവപൂർണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ